## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3977** 12.12.2018 - ൽ മറുപടിയ്ക്ക്

**സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സമയം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ.മുരളി :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒ.പി. വിഭാഗം പ്രവർത്തന സമയം എത്ര മണി മുതൽ എത്ര മണി വരെ ആണെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ ഒ.പി ടിക്കറ്റുകൾ വിതരണം ചെയ്യുന്നു. ആ രോഗികളുടെ പരിശോധന തീരുന്നതുവരെ ഒ.പി. ഉണ്ടായിരിക്കുന്നതാണ്. |
| (ബി) സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ചതുമൂലം കൂടുതൽ രോഗികൾ ചികിത്സക്കെത്തുന്നത് കൊണ്ട് പ്രസ്തുത ആശുപത്രി കളിൽ വൈകുന്നേരവും ഒ.പി വിഭാഗം പ്രവർത്തിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (ബി) സർക്കാർ ആർദ്രം മിഷനിലൂടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയതോടൊപ്പം ഔട്ട് പേഷ്യന്റ് സംവിധാനം തിങ്കൾ മുതൽ ശനിവരെ രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 6 വരെയും ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയുമായി ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു തുടങ്ങുന്നതോടൊപ്പം ഘട്ടം ഘട്ടമായി ഈ സമയക്രമം നടപ്പിൽ വരുത്തുന്നതാണ്. |
| (സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ